بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khuthba Summary 09.10.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*09.10.15 ന് മസ്ജിദ് ബയത്തുന്നൂർ ഹോളണ്ടിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ജമാഅത്തു വ്യവസ്ഥിതിയോടു ശക്തമായ ബന്ധംവെക്കുകയും അഹ്മദിയ്യാ ഖിലാഫത്തിനോടു കൂറുപുലർത്തുകയും അനുസരണബന്ധം നിലനിറുത്തുകയും ചെയ്യേണ്ടത് തങ്ങളെ അഹ്മദി എന്നു പറയുന്ന എല്ലാ ഓരോ അഹ്മദിയുടേയും ജോലിയാണ്. നിർബന്ധകടമ നിർബന്ധകടമയാണ്. കാരണം ബയ്അത്ത് ചെയ്തുകൊണ്ടു നടത്തിയ പ്രതിജ്ഞ ഇതുതന്നെയായിരുന്നു.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

**ഇ**വിടെ ഭൂരിപക്ഷവും ജന്മനാ അഹ്മദികളാണ്. അല്ലെങ്കിൽ ഇവരുടെ കുട്ടിക്കാലത്ത് അഹ്മദിയ്യത്ത് വീട്ടിൽ കടന്നുവന്നവരുടേതാണ്. അവർ അഹ്മദിയ്യാ ചുറ്റുപാടിൽ വളർന്നു. അവരിൽ ഭൂരിപക്ഷവും പാക്കിസ്ഥാനികളാണ്. പാക്കിസ്ഥാനിൽ സ്വതന്ത്രമായി നിങ്ങളുടെ മതമോ ഇസ്ലാമികാധ്യാപനമോ നിങ്ങൾക്ക് പ്രകടിപ്പിക്കാനും പ്രവർത്തിക്കാനും അനുമതിയില്ലായിരുന്നു. അല്ലെങ്കിൽ അവിടെ അനുമതിയില്ല എന്നു പറഞ്ഞതുകൊണ്ടാണ് നിങ്ങൾക്കിവിടെ താമസിക്കാനും ഇവിടെത്തെ പൗരനാകാനും അനുവാദം കിട്ടിയത്. കേസുകളുമായി നേരിട്ട് ബന്ധമുള്ള ആളുകളും ഉണ്ടായിരിക്കാം. ഈ ഭൂരിപക്ഷത്തിന് ഇവിടെ താമസിക്കാനുള്ള അനുവാദമോ അല്ലെങ്കിൽ സർക്കാരിന്റെ ദാക്ഷിണ്യമോ ഉണ്ടാകാൻ കാരണം നിങ്ങൾ നിങ്ങളെ അഹ്മദി എന്നു പറഞ്ഞതാണ്. ഈ അഹ്മദിയാണെന്ന വിളംബരം നിങ്ങളിൽ കുറച്ച് ചുമതലകൾ ഇടുന്നുണ്ട്. തങ്ങളുടെ വിദ്യാഭ്യാസപരമോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള കഴിവുകൾ കാരണത്താലോ ഇവിടെ വന്നിട്ടുള്ളവരും ആ ഉത്തരവാദങ്ങൾ നിർവഹിക്കുന്നതിൽനിന്ന് വെളിയിലല്ല. തങ്ങൾ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളാണെന്ന് പ്രകടിപ്പിക്കുന്ന അവർക്കും ഇവിടെ വന്ന് തങ്ങളുടെ വിദ്യാഭ്യാസപരമായ കഴിവുകളേയും വൈദഗ്ദ്ധ്യങ്ങളേയും കൂടുതൽ തിളക്കമുള്ളതാക്കാൻ അവസരം കിട്ടി. അപ്രകാരംതന്നെ നവഅഹ്മദികളുമുണ്ട്. അവർ ബയ്അത്ത് ചെയ്യുമ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിൽ ദൃഢബോധം വന്ന് ജമാഅത്തിൽ പ്രവേശിക്കുമ്പോഴും, ആ ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നതിന്റെ ഉത്തരവാദവും അവർക്കുണ്ടാകുന്നു. തങ്ങൾ ജന്മനാ അഹ്മദികളെ അല്ലെങ്കിൽ പഴയ അഹ്മദികളെ എങ്ങനെയാണോ കണ്ടത് അങ്ങനെ നടക്കുകയുള്ളു എന്ന് പറഞ്ഞ് ഈ ഉത്തരവാദത്തിൽനിന്ന് മാറിനില്ക്കാൻ അല്ലാഹു അവരെ വിടുകയില്ല.

ഇക്കാലഘട്ടത്തിൽ നമ്മുടെ തർബിയ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖുർആനേയും സുന്നത്തിനേയും കുറിച്ചുള്ള തഫ്സീറുകളും മാർഗനിർദ്ദേശങ്ങളും ഗ്രന്ഥങ്ങളും മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. അതുനോക്കുകയും വായിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇതെല്ലാം നമ്മുടെ മുമ്പിലുള്ളതുകൊണ്ട് ആർക്കും ഒരു ഒഴികഴിവും പറയാൻ പറ്റില്ല. പഴയ അഹ്മദികളോടു ഞാൻ ഇങ്ങനേയും പറയട്ടെ! നിങ്ങളുടെ മാതൃക കണ്ടിട്ട് ആർക്കെങ്കിലും ചതിപറ്റിയാൽ അവർ ചെയ്യുന്ന ആ തെറ്റിലും പാപത്തിലും തീർച്ചയായും നിങ്ങൾ ഭാഗഭാക്കായിരിക്കും. അല്ലാഹു അനുഗ്രഹം ചെയ്തിട്ടുള്ള പഴയ അഹ്മദികൾ- തങ്ങളുടെ പിതാവും പിതാമഹനും അഹ്മദിയാകുകയോ അല്ലെങ്കിൽ കുട്ടിക്കാലത്തുതന്നെ അഹ്മദിയ്യത്ത് കിട്ടുകയോ ചെയ്തവർക്ക് ഇവിടെ വന്നിട്ടാണ് നല്ല ജീവിതം ലഭിച്ചത്. അത് ജമാഅത്തിന്റെ ഔദാര്യമാണെന്ന കാര്യം അവർ മറക്കാൻ പാടില്ല. ആ ഔദാര്യത്തിന് നന്ദി എന്ന നിലയിൽ, തങ്ങളുടെ ജീവിതാവസ്ഥകളിൽ അസാധാരണമായ പരിശുദ്ധ പരിവർത്തനം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ മക്കൾക്കും അവർ ജമാഅത്തിലുള്ള കാരണത്താൽ ഈ ഔദാര്യത്തെക്കുറിച്ച് പറഞ്ഞുകൊടുത്തുകൊണ്ടിരിക്കേണ്ടതാണ്. ജമാഅത്തു വ്യവസ്ഥിതിയോടു ശക്തമായ ബന്ധംവെക്കുകയും അഹ്മദിയ്യാ ഖിലാഫത്തിനോടു കൂറുപുലർത്തുകയും അനുസരണബന്ധം നിലനിറുത്തുകയും ചെയ്യേണ്ടത് തങ്ങളെ അഹ്മദി എന്നു പറയുന്ന എല്ലാ ഓരോ അഹ്മദിയുടേയും ജോലിയാണ്. നിർബന്ധകടമയാണ്. കാരണം ബയ്അത്ത് ചെയ്തുകൊണ്ടു നടത്തിയ പ്രതിജ്ഞ ഇതുതന്നെയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാണ്, പുതിയതായി ജമാഅത്തിൽ ചേരുന്നവർ പ്രത്യേകിച്ചും ദൃഢവിശ്വാസത്തോടും ഉൾക്കാഴ്ചയോടും കൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ മനസ്സിലാക്കി സ്വീകരിച്ചവർ തങ്ങൾചെയ്ത അനുസരണപ്രതിജ്ഞയിലും അതിന്റെ നിബന്ധനകളിലും ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഒരുപാടാളുകൾ എനിക്ക് കത്തുകളും എഴുതുന്നുണ്ട്. പക്ഷേ, ജന്മനാ അഹ്മദികൾ, അല്ലെങ്കിൽ തങ്ങളുടെ കുട്ടിക്കാലത്ത് മാതാപിതാക്കൾ അഹ്മദിയ്യത്ത് സ്വീകരിച്ചവർ ഇവിടെ വന്നിട്ട് ഭൗതികമായ കാര്യങ്ങളിൽ കൂടുതൽ മുഴുകിയിരിക്കുകയാണ്. എല്ലായിടത്തും എം.ടി.എ മുഖേന ബയ്അത്തിന്റെ നടപടികൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ഇക്കൂട്ടർ പൊതുവെ ബയ്അത്ത് നിബന്ധനകളിൽ ചിന്തിക്കുകയോ ബയ്അത്തിന്റെ പ്രതിജ്ഞ മനസ്സി

ലാക്കുകയോ അഹ്മദിയ്യത്തു കാരണത്താലുണ്ടായ അല്ലാഹുവിന്റെ ഔദാര്യങ്ങളെ നോക്കിക്കാണുകയോ ചെയ്യാൻ മുതിരുന്നില്ല. ഇതിലേക്ക് ശ്രദ്ധതിരിച്ചുകൊണ്ട് ബയ്അത്തിനേയും ബയ്അത്തിന്റെ യാഥാർത്ഥ്യത്തേയും അറിയാനും അതനുസരിച്ച് പ്രവർത്തിക്കാനും ശ്രമിക്കുന്നില്ല. ഇപ്രകാരംതന്നെ ഖിലാഫത്തുമായിട്ടുള്ള ബന്ധം അത് ബന്ധിപ്പിക്കേണ്ട മുറയനുസരിച്ച് ബന്ധിപ്പിക്കാൻ ശ്രമിക്കുന്നുമില്ല.

തങ്ങൾ എവിടെയാണ് നില്ക്കുന്നതെന്ന് അറിയാൻ കഴിയുന്നത് ഓരോരുത്തരും ആത്മപരിശോധന നടത്തുമ്പോഴാണ്. ഈ നേരത്ത് ആ ആത്മപരിശോധനയ്ക്കായി ബയ്അത്തിന്റെ ഒരു നിബന്ധന മാത്രം നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. ഇതിനെ ശ്രദ്ധയോടുകൂടി നോക്കിക്കാണേണ്ടതാണ്. എന്നല്ല ചിന്തിക്കുകയും പിന്നീട് സ്വയം വിലയിരുത്തുകയും വേണം. ഈ വിലയിരുത്തലിന്റെ മറുപടി 'അതേ' എന്നാണെങ്കിൽ ഭാഗ്യവാനാണ്. അത്തരക്കാർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വാരിക്കൂട്ടുന്നവരാണ്. മറുപടി ദുർബലമാണെങ്കിൽ പരിഷ്കരണത്തിനായി ശ്രമിക്കുകയും വേണം. ബയ്അത്തിന്റെ 10-ാമത്തെ നിബന്ധനയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ പറഞ്ഞു. "കുടുംബ ബന്ധങ്ങളിലോ ഭൗതികമായ ഇതര ബന്ധങ്ങളിലോ സേവ്യസേവക ഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള സമുന്നതമായ ഒരു ദൃഢബന്ധം ഈ വിനീതനുമായി പുലർത്തുന്നതും അതു മരണംവരെ നിലനിറുത്തിപ്പോരുന്നതുമാണ്."

ഈ വാക്കുകളാണ് ആ മഹാത്മാവുമായി നിസ്വാർത്ഥതയോടും അതിരറ്റ സ്നേഹത്തോടുമുള്ള ബന്ധം നിലനിറുത്താനുള്ള ഉത്തരവാദം നമ്മളിലർപ്പിക്കുന്നത്. അദ്ദേഹം നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങുന്നു. എന്തു പ്രതിജ്ഞയാണ് വാങ്ങുന്നത്? അല്ലാഹുവിനുവേണ്ടി താനുമായി സ്നേഹബന്ധത്തിന്റേയും സാഹോദര്യബന്ധത്തിന്റേയും ഉന്നതനിലവാരം സ്ഥാപിക്കുമെന്നുള്ള പ്രതിജ്ഞ. അദ്ദേഹത്തിന്റെ സകല തീരുമാനങ്ങളും അംഗീകരിക്കുമെന്നുള്ള പ്രതിജ്ഞ നമ്മളിൽനിന്ന് വാങ്ങുന്നു. അതായത് ഏതൊരു കാര്യത്തിനുവേണ്ടി അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചുവോ അക്കാര്യങ്ങൾ! ഇസ്ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം നമ്മളോടു നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും! അത് അംഗീകരിക്കുകയോ അതിനെ പൂർണമായും അനുസരിക്കുകയോ മാത്രമല്ല, മറിച്ച് മരിക്കുന്ന നിമിഷംവരെ അതിൽ നിലകൊള്ളാൻ ശ്രമിക്കുന്നതും അതിനുവേണ്ടി പ്രവർത്തിക്കുന്നതുമാണ്. ഏതൊരു സ്നേഹബന്ധമാണോ വേണ്ടത് അതിന്റെ നിലവാരം കുടുംബ ബന്ധങ്ങൾക്കും ഭൗതികമായ ഇതരബന്ധങ്ങൾക്കും അതീതമായിരിക്കണം. മനുഷ്യൻ ആരെങ്കിലുമായിട്ട് കൂറുപുലർത്തുന്ന കാരണത്താൽ ആത്മാർത്ഥതയോടെ ബന്ധം വെക്കാറുണ്ട്. ആ ബന്ധമല്ല. മനുഷ്യൻ ആരുടെയങ്കിലും ഔദാര്യത്തിന് വിധേയനായി തന്നെ അയാളുടെ കൈയിൽ ഏല്പിച്ചുകൊടുക്കാറുണ്ട്. ആ ബന്ധവുമല്ല. ഇതിനെക്കാളൊക്കെ അതുല്യമായ ബന്ധമായിരിക്കണം ഹദ്റത്ത് മസീഹ് മൗഊദു(അ)മായി പുലർത്തേണ്ടത്. അതിനാൽ ഈ ലോകത്ത് നബി(സ) തിരുമേനി കഴിഞ്ഞാൽ ഉന്നതനിലയിലുള്ള സ്നേഹം ആരെങ്കിലുമായിട്ട് പുലർത്തുകയാണെങ്കിൽ അത് അവിടത്തെ സത്യദാസനുമായിട്ടായിരിക്കും എന്നാണ് പ്രതിജ്ഞ ചെയ്യുന്നത്. ഈ നിലവാരമാണ് സ്ഥാപിക്കാൻ നമ്മൾ ശ്രമിക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതിനുശേഷം, ആ മഹാത്മാവുമായിട്ടുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് ഞാൻ പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ ഓരോരുത്തർക്കും സ്വയം പരിശോധിക്കാവുന്നതാണ്. ഈ നിലവാരമാണോ നമുക്കുള്ളത്? ഭൗതിക കാര്യങ്ങളും ഭൗതിക നേട്ടങ്ങളും ഭൗതികലാഭങ്ങളും നമ്മുടെ മുമ്പിൽ വരുമ്പോൾ, നമ്മൾ ഇക്കാര്യങ്ങൾ മറന്നുപോകാറുണ്ടോ? ഭൗതിക ബന്ധങ്ങളും, ഭൗതിക ഉദ്ദേശ്യങ്ങളും ഈ സ്നേഹബന്ധത്തേയും അനുസരണത്തേയും കവച്ചുവെക്കാറുണ്ടോ? ദീനിനെക്കുറിച്ചുള്ള ശരിയായ ബോധവും ഗ്രാഹ്യവുമുണ്ടെങ്കിൽ ദീനീപ്രവർത്തനം മനുഷ്യൻ ചെയ്യുന്നത് സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും കൂറിന്റേയും വികാരങ്ങൾക്ക് വിധേയമായിക്കൊണ്ടായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രതീക്ഷിച്ചിട്ടുള്ളത് അദ്ദേഹത്തിന് ബയ്അത്ത് ചെയ്തുകഴിഞ്ഞാൽ ഈ വികാരങ്ങൾ വർദ്ധിപ്പിക്കണമെന്നാണ്. അനുസരണത്തിന്റേയും ആത്മാർത്ഥതയുടേയും വികാരബന്ധങ്ങൾ ഉണ്ടാകാത്തിടത്തോളം നല്കപ്പെടുന്ന ഉപദേശങ്ങൾക്കും ഒരു സ്വാധീനവും ഉണ്ടാവുകയില്ല. അതനുസരിച്ച് പ്രവർത്തിക്കാനുള്ള ശ്രമവും ഉണ്ടാകുകയില്ല. ഉപദേശമനുസരിച്ച് പ്രവർത്തിക്കുകയും അവിടന്ന് പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കുകയും ബയ്അത്ത് പ്രതിജ്ഞ നിറവേറ്റുകയും ചെയ്യണമെങ്കിൽ നമ്മുടെ അനുസരണത്തിന്റേയും ആത്മാർത്ഥതയുടേയും കൂറിന്റേയും നിലവാരങ്ങളും ഉയർത്തേണ്ടത് നിർബന്ധമാണ്. ഓരോ അഹ്മദിയും മനസ്സിലാക്കിയിരിക്കേണ്ടതാണ്, എല്ലാ കാര്യങ്ങളും അനുസരിക്കും എന്നതിന്റെ ഉദ്ദേശ്യം സ്നേഹവും ആത്മാർത്ഥതയും പാരമ്യതയിലെത്തിച്ച്, പരിപൂർണമായ നിലയിൽ അനുസരിക്കുക എന്നതാണ്. പരിപൂർണമായും അനുസരിക്കാൻ കഴിയുന്നത്, ആരെയാണോ അനുസരിക്കുന്നത്, അദ്ദേഹത്തിന്റെ എല്ലാ കല്പനകളും അന്വേഷിക്കുകയും തിരയുകയും ചെയ്യുമ്പോഴാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നതും, നമുക്ക് കല്പന നല്കിയിട്ടുള്ളതും അന്വേഷിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് നമ്മുടെ നിർബന്ധകടമയാണ്. ആരെയാണ് വിശ്വസിക്കേണ്ടത്, എന്തിനാണ് വിശ്വസിക്കേണ്ടതാണ്, എന്ന കാര്യമൊന്നും നമുക്കറിയില്ലെങ്കിൽ അദ്ദേഹത്തെ വിശ്വസിക്കുന്നുവെന്ന വെറും വാദം മാത്രമേ ഉണ്ടാകുകയുള്ളൂ. അതിനാൽ അഹ്മദിയാകുന്നതോടൊപ്പം അറിവ് വർദ്ധിപ്പിക്കണമെന്ന നിബന്ധനയുമുണ്ട്. അല്ലാഹുവിനുവേണ്ടി ഏതൊരു ബന്ധമാണോ സ്ഥാപിക്കുന്നത്, അതിനെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി വർദ്ധിപ്പിക്കുകയും നിഷ്ക്കളങ്കരായിക്കൊണ്ട് നിങ്ങളുടെ ജീവിതത്തെ അതനുസരിച്ച് വാർത്തെടുക്കുകയും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞിട്ടുള്ള ഉപദേശങ്ങളും ജമാഅത്തംഗങ്ങളിൽനിന്ന് അവിടന്ന് പ്രതീക്ഷിക്കുന്നതും അദ്ദേഹത്തിന്റെ വിവിധഗ്രന്ഥങ്ങളിലും മാർഗനിർദ്ദേശങ്ങളിലുമുണ്ട്. ഇപ്പോൾ അവയിൽ ചിലത് ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“വെറും വാക്കുകളിൽമാത്രം നില്ക്കുന്നവരാകരുത് നമ്മുടെ ജമാഅത്ത്. (ബാഹ്യാവസ്ഥയിൽ മാത്രം നില്ക്കരുത്. വെറും വാചകങ്ങളിൽ മാത്രം ഒതുങ്ങരുത്) ബയ്അത്തിന്റെ സത്യമായ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരാകണം. (എന്താണ് സത്യമായ ഉദ്ദേശ്യം. പറയുന്നു:) ‘ആന്തരികമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. വെറും മസ്അലകൾകൊണ്ട് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ കഴിയില്ല. ആന്തരികമായ പരിവർത്തനമുണ്ടാകുന്നില്ലെങ്കിൽ നിങ്ങളും അന്യരും തമ്മിൽ ഒരു വ്യത്യാസവുമില്ല.’ അവിടന്ന് പറഞ്ഞു: ‘ഓരോരുത്തരും തങ്ങളുടെ ഭാരം വഹിക്കുകയും വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.’

കർമപരമായ മാറ്റം ഇല്ലാതെ വിശ്വാസപരമായനിലയിൽ മാത്രം സ്വയം ശരിയാകുകയും ബയ്അത്ത് ചെയ്യുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യം അംഗീകരിക്കുകയും മസ്അലകളിലും വാദങ്ങളിലും മറ്റുള്ളവരുടെ വായടപ്പിക്കുകയും ചെയ്യുക എന്നത് ഒരു മേന്മയും ഉൾക്കൊള്ളുന്നില്ല. അവിടന്ന് പറഞ്ഞു: ‘നിങ്ങളുടെ ആത്മാവിന്റെ പരിശുദ്ധ പരിവർത്തനത്തിനുവേണ്ടി ശ്രമിക്കുക. നമസ്കാരങ്ങളിൽ ദുആകൾ ചെയ്യുക. സ്വദഖകളും ദാനധർമങ്ങളും കൊണ്ടും മറ്റുള്ള എല്ലാതരം പോരാട്ടങ്ങൾകൊണ്ടും **വല്ലദീന ജാഹദൂവിൽ** അണിചേരുക. **വല്ലദീന ജാഹദൂ ഫീനാ** എന്താണ്? അതായത് അല്ലാഹു പറയുന്നു: ‘ആരാണോ നമ്മുടെ വഴിയിൽ പരിശ്രമിക്കുന്നത്, അവർക്കെന്താണ് ഉണ്ടാകുന്നത്? **ലനഹ്ദിയന്നഹും സുബുലനാ** നാം തീർച്ചയായും അവരെ നമ്മുടെ വഴികളിലേക്ക് വഴി കാട്ടുന്നതാണ്.

ഇത് ഒരു സ്ഥലത്ത് കൂടുതൽ വിശദീകരിക്കുകയുണ്ടായി. അവിടന്ന് പറഞ്ഞു: ‘ഒരു കൂസലും കൂടാതെ അലസത കാണിച്ചുകൊണ്ടിരിക്കുന്ന ഒരുത്തൻ ബുദ്ധികൊണ്ടും ശക്തികൊണ്ടും ആത്മാർത്ഥതയോടുകൂടിയും അല്ലാഹുവിനെ അന്വേഷിക്കുന്നവനെ പോലെ ആകുന്നതെങ്ങനെ?

അല്ലാഹുവിനെ അന്വേഷിക്കുന്നതിനുള്ള വഴികൾ നമുക്കു കാണിച്ചുതരുന്നതിന്, തന്നെ വിശ്വസിക്കുകയും തന്റെ പിന്നാലെ നടക്കുകയും താനുമായി അനുസരണബന്ധം പുലർത്തുകയും ചെയ്യുക എന്ന് അവിടന്ന് നമ്മോടു പറയുന്നു. നമുക്കെങ്ങനെ അല്ലാഹുവിനെ പ്രാപിക്കാമെന്നും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ഭാഗഭാക്കാകാമെന്നും അവിടന്ന് നമ്മളോടു പറയുന്നു: ‘നിങ്ങൾ നമസ്കാരങ്ങൾ കൃത്യസമയത്ത് ശരിയായി നമസ്കരിക്കുന്നവരാകുക. അല്ലാഹുവിന്റെ സ്നേഹത്തെ വലിച്ചെടുക്കുന്നതിനുവേണ്ടി സ്വദഖ കൊടുക്കുന്നതിലേക്കും ദാനധർമങ്ങൾ ചെയ്യുന്നതിലേക്കും ശ്രദ്ധിക്കുക. അതായത് അദ്ദേഹവുമായിട്ടുള്ള ബന്ധവും അനുസരണബന്ധവും അല്ലാഹുവുമായിട്ടുള്ള നമ്മുടെ ബന്ധം വർദ്ധിപ്പിക്കുന്നതായിത്തീരും.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ഖിലാഫത്ത് വ്യവസ്ഥിതി നമ്മളിൽ സ്ഥാപിച്ചു. ഖിലാഫത്ത് വ്യവസ്ഥിതിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു ഏല്പിച്ച ജോലി മുന്നോട്ടു കൊണ്ടുപോകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഖിലാഫത്തിനോടും ആത്മാർത്ഥതയുടേയും അനുസരണത്തിന്റേയും ബന്ധം കൂട്ടിച്ചേർത്ത് നമുക്കു നമ്മുടെ ലക്ഷ്യസ്ഥാനത്തേക്ക് യാത്ര തുടരാൻ കഴിയും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ സത്യമുസൽമാന്റെ മാതൃകയാകുകയും ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുകയും വേണം. കാലത്തിന്റെ ഖലീഫയുടെ കൈയിലും എല്ലാം ഓരോ അഹ്മദിയും ബയ്അത്ത് പ്രതിജ്ഞ ചെയ്യാറുണ്ട്. ഈ പ്രതിജ്ഞ നിറവേറ്റേണ്ടതും നിർബന്ധമാണ്. അതിനുവേണ്ടി ഖിലാഫത്തിൽ നിന്നുവരുന്ന നിർദ്ദേശങ്ങളും, ഉപദേശങ്ങളും, നല്കപെടുന്ന പരിപാടികളും അനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ മാത്രമേ ആ പ്രതിജ്ഞ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

ബയ്അത്തിന്റെ നിബന്ധനകൾ പാലിക്കുന്നതാണെന്ന് ഓരോ അഹ്മദിയും ബയ്അത്തിന്റെ നേരത്ത് പ്രതിജ്ഞ ചെയ്യാറുണ്ട്. കാലത്തിന്റെ ഖലീഫ പറയുന്ന എല്ലാ കാര്യങ്ങളും പാലിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജോലിയും അവിടത്തെ ഉപദേശങ്ങളും മുന്നോട്ടു പ്രചരിപ്പിക്കുക എന്നതാണ് കാലത്തിന്റെ ഖലീഫയുടെ ജോലി. ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ മുക്കിലും മൂലയിലും പ്രചരിപ്പിക്കുക എന്നതും ഖിലാഫത്തിന്റെ ജോലിയാണ്. ഓരോ അഹ്മദിയും ഈ ചിന്താഗതിയനുസരിച്ച് തങ്ങളെ ആക്കിത്തീർക്കുമ്പോഴാണ് യഥാർത്ഥ അനുസരണത്തിന്റെ നിലവാരം സ്ഥാപിതമാകുന്നത്. അപ്പോഴാണ് ജമാഅത്തിന്റെ ഐക്യം നിലകൊള്ളുന്നത്. അപ്പോഴാണ് തബ്‌ലീഗിന്റെ മൈതാനും തുറക്കപ്പെടുന്നത്. തനിക്ക് ഹദ്റത്ത് മസീഹ് മൗഊദു(അ)മായി സാഹോദര്യബന്ധമുണ്ടെന്നും വിശ്വാസമുണ്ടെന്നും താൻ അദ്ദേഹത്തെ അനുസരിക്കുന്നുവെന്നും പറഞ്ഞ് ഓരോരുത്തരും അവരുടെ വഴി നിർണയിക്കുകയാണെങ്കിൽ ഒരിക്കലും അഭിവൃദ്ധി ഉണ്ടാകുകയില്ല. അഹ്ദിയ്യാ ജമാഅത്തിന്റെ മനോഹാരിത നിലകൊള്ളുന്നത് അതിൽ സ്ഥാപിതമായിരിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതിയിലാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി (സ)തിരുമേനിയുടെ സത്യദാസനായതുകൊണ്ടാണ് ഓരോ അഹ്മദിയും ആ മഹാത്മാവുമായി ബന്ധം പുലർത്തുന്നത്. ആ ബന്ധം അവർ ഖിലാഫത്തിനോടും പുലർത്തേണ്ടത് നിർബന്ധമാണ്. ഇക്കാലഘട്ടത്തിൽ അഹ്മദികൾ ഭാഗ്യവാന്മാരാണ്. അല്ലാഹു ആധുനികമായ സൗകര്യങ്ങളും കണ്ടുപിടിത്തങ്ങളും ഉണ്ടാക്കിയിരിക്കുന്നതോടൊപ്പം അഹ്മദികളേയും അവകൊണ്ടനുഗ്രഹിച്ചു. ദീനിന്റെ പ്രചാരണത്തിനുവേണ്ടിയും, ജമാഅത്തിന് ഈ സൗകര്യങ്ങൾ നല്കി. ടി.വി, ഇന്റർനെറ്റ്, വെബ്സൈറ്റ് തുടങ്ങിയവയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ഇന്നുണ്ട്. നമ്മൾ ആഗ്രഹിക്കുമ്പോൾ നമുക്കത് പ്രാപ്യമാണ്. വിവിധ വലിയ ഭാഷകളിൽ അവ നോക്കാവുന്നതുമാണ്. കേൾക്കാനും കഴിയും. അവിടെ ഖലീഫയുടെ ഉപദേശങ്ങളും പ്രഭാഷണങ്ങളും കേൾക്കാനും വായിക്കാനും കഴിയും; അത് ഖുർആനും ഹദീഥും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ അടങ്ങിയതുമാണ്. അതിലാണ് ആ ഉപദേശങ്ങളുടേയും പ്രഭാഷണങ്ങളുടേയും അടിത്തറ. അത് ഇന്ന് എം.ടി.എ മുഖേന എല്ലായിടത്തും എത്തിക്കൊണ്ടിരിക്കുന്നു. അത് ജമാഅത്തിനെ ഐക്യപ്പെടുത്താൻ പുതിയൊരു മാനം നല്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരും ഇക്കാര്യം മുന്നിൽവെക്കേണ്ടതാണ്. ഈ ഒത്തൊരുമയുടെ ഭാഗമായിരിക്കാൻ എം.ടി.എയുമായി

ബന്ധം സ്ഥാപിക്കേണ്ടത് എല്ലാവർക്കും നിർബന്ധമാണ്. ഓരോ ആഴ്ചയും കുറഞ്ഞപക്ഷം ഖുത്ബ കേൾക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഓരോ വീട്ടുകാരും തങ്ങളുടെ വീട്ടിലെ എല്ലാ വ്യക്തികളും ഖുത്ബ കേട്ടോ എന്ന് വിലയിരുത്തുക. ഭാര്യ കേൾക്കുന്നുണ്ട്, ഭർത്താവ് കേൾക്കുന്നില്ല. അതുകൊണ്ട് പ്രയോജനമില്ല. ഉപ്പ കേൾക്കുന്നുണ്ട് ഉമ്മ കേൾക്കുന്നില്ല. കുട്ടികൾ കേൾക്കുന്നില്ല അപ്പോഴും ഒരു പ്രയോജനവുമില്ല. ഒത്തൊരുമ ഉണ്ടാക്കുന്നതിന് അല്ലാഹു ഉണ്ടാക്കിയിട്ടുള്ള ഈ വ്യവസ്ഥിതിയ്ക്കുവേണ്ടി ഒരേ സമയത്ത് ലോകത്തെ എല്ലാ മുക്കിലും മൂലയിലും എത്തുന്ന കാലത്തിന്റെ ഖലീഫയുടെ ശബ്ദത്തിന്റെ ഭാഗമാകേണ്ട ആവശ്യം ഓരോ അഹ്മദിക്കുമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കുക. ഖലീഫ എന്താണ് പറയുന്നതെന്ന് അറിഞ്ഞില്ലെങ്കിൽ പിന്നെന്ത് അനുസരിക്കാനാണ്. കാര്യങ്ങൾ കേൾക്കുമ്പോഴാണ് പ്രവർത്തിക്കാൻ കഴിയുന്നത്. അതുകൊണ്ട് എന്തൊന്നാണോ അനുസരിക്കേണ്ടത് അത് അന്വേഷിച്ച് കണ്ടെത്തുക. ഓരോ വീടും ഇതിലേക്ക് ശ്രദ്ധിക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ! അല്ലാഹു നമ്മുടെ തർബിയ്യത്തിനുവേണ്ടി നല്കിയിരിക്കുന്ന സൗകര്യത്തിൽനിന്ന് നമ്മൾ പൂർണമായും ഫലമെടുക്കുന്നവരാകട്ടെ. തർബിയ്യത്തു മാത്രമല്ല. ഇസ്ലാമിന്റെ അധ്യാപനം പ്രചരിപ്പിക്കുന്നതിനും ഇത് വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. എന്തെങ്കിലും കാരണത്താൽ തൽസമയ സംപ്രേഷണം കേൾക്കാൻ കഴിയുന്നില്ലെങ്കിൽ, റെക്കോർഡിംഗു കേൾക്കാവുന്നതാണ്. ഇന്റർനെറ്റിലും ഈ പരിപാടികളുണ്ട്. മറ്റു നിരവധി പരിപാടികളുമുണ്ട്; പ്രത്യേകിച്ചും ഖുത്ബകളും പ്രത്യേക പരിപാടികളും.

ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ബന്ധം സ്ഥാപിക്കുന്നവരാകുന്നതോടൊപ്പം അദ്ദേഹത്തിനുശേഷം ആരംഭിച്ചിട്ടുള്ള ഖിലാഫത്ത് വ്യവസ്ഥിതിയുമായും സുദൃഢബന്ധം സ്ഥാപിക്കാൻ അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ അനുസരണത്തിന്റെ മാതൃക കാണിക്കുന്നവരാകട്ടെ. ഈ ബന്ധവും അനുസരണവും പിന്നീട് നബി (സ) തിരുമേനിയുടെ ഹദീഥ് അനുസരിക്കുന്നവനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നവനുമാക്കിത്തീർക്കുന്നു. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ.

അവസാനം ഹുസൂർ 2015 ഒക്ടോബർ 2ന് 49-ാം വയസ്സിൽ അന്തരിച്ച(ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ) മുബല്ലിഗ് ഹാഫിള് മുഹമ്മദ് ഇഖ്ബാൽ വഡായിച്ച് സാഹിബിനെ അനുസ്മരിച്ചു. ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Masjid Baithunoor,Hollond – on 09.10.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala